**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** **08-10-2021 - ൽ മറുപടിയ്ക്ക്**

**കായികാദ്ധ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂളുകളിലെ കായിക വിദ്യാഭ്യാസവും കായികാദ്ധ്യാപന മേഖലയും പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | സ്കൂളുകളിലെ കായിക വിദ്യാഭ്യാസവും കായികാദ്ധ്യാപന മേഖലയും പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്പോർട്സ് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വികസന പദ്ധതികൾ ഉപയോഗപ്പെടുത്തുന്ന രീതിയിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പുതിയ പാഠ്യപദ്ധതി തയ്യാറാക്കുന്നതിനായി ബഹു.കായിക, വിദ്യാഭ്യാസ മന്ത്രിമാർ 22.09..2021ൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയ്ക്കായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ പ്രത്യേക സിലബസ് തയ്യാറാക്കുന്നതിലേയ്ക്കായി കരിക്കുലം കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും പൊതു സിലബസ്സിനോടൊപ്പം കായിക വിഷയങ്ങൾ കൂടി അധികമായി സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. പാഠ്യപദ്ധതി പരിഷ്ക്കരണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്ക്കരണവേളയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാഠ്യപദ്ധതിയിൽ ആവശ്യമായ ഉൾച്ചേർക്കലുകൾ വരുന്നതാണ്. ഇതിലേക്ക് ആവശ്യമായ ഗവേഷണ പഠനങ്ങൾ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്ക്കരിക്കുന്ന പാഠ്യപദ്ധതിയ്ക്ക് അനുഗുണമാകുന്ന തരത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ